# പതിനഞ്ചാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 സെപ്റ്റംബർ 18, വ്യാഴം

**നമ്പർ 184**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർധിച്ചതിനാൽ രാജ്യത്ത് ഏറ്റവും കൂടുതൽ പണപ്പെരുപ്പമുള്ള സംസ്ഥാനമായി കേരളം മാറിയെന്നും ആയതിൻമേൽ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു

ശ്രദ്ധക്ഷണിക്കൽ :

(1) ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ നേരിടുന്നവർക്ക് ആശ്വാസ കിരണം പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യം വർദ്ധിപ്പിക്കുവാനും, അവർക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ട്രെയിനിങ് സെന്ററുകൾ താലൂക്ക് അടിസ്ഥാനത്തിലെങ്കിലും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ഇ. ചന്ദ്രശേഖരൻ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 1243/2025.

(2) സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും തൊഴിൽ, വിദ്യാഭ്യാസ മേഖലകളിലുള്ള പ്രാതിനിധ്യം സംബന്ധിച്ച കണക്കെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. ഉബൈദുള്ള പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. രമേശ് ചെന്നിത്തല | ആറാട്ടുപുഴയിലെ ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ | ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. ഡി.കെ. മുരളി | വാമനപുരം-കുറ്ററ, ആറാംപള്ളി പമ്പ് ഹൗസുകളിലേക്കുള്ള വോൾട്ടേജ് ക്ഷാമം | വൈദ്യുതി വകുപ്പ് മന്ത്രി |
| 3. | ശ്രീ. നജീബ് കാന്തപുരം | പെരിന്തൽമണ്ണയിലെ ജനവാസ മേഖലകളിലെ പുലിശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കെൽട്രോണിനെതിരെയുള്ള വ്യാജ ആരോപണങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5. | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6. | ശ്രീ. എ. പി. അനിൽകുമാർ | ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപാതയിൽ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7. | ശ്രീ. അൻവർ സാദത്ത് | ആലുവയിലെ വിവിധ റോഡുകൾ ബി. എം. &ബി.സി. നിലവാരത്തിൽ പുനർ നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8. | ശ്രീ. തോമസ് കെ. തോമസ് | ക്ഷീര കർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കൽ | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. പി. ചിത്തരഞ്ജൻ | ഹോസ്പിറ്റൽ മാനേജ്മെന്റ് സൊസൈറ്റികളുടെയും കമ്മിറ്റി കളുടെയും കീഴിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ ജോലി സ്ഥിരതയും ആനുകൂല്യങ്ങളും | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10. | ശ്രീമതി സി.കെ. ആശ | വൈക്കം വെള്ളൂരിൽ AIMS സ്ഥാപിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

(i) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയൊന്ന് മുതൽ എൺപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(iii) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയേഴ് മുതൽ എഴുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(iv) പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

(v) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

ധനകാര്യം :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വച്ചു.

സ്പീക്കറുടെ റൂളിംഗ് :

2023-ലെ പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നിട്ടും നിലവിൽ ഉത്സവ മേഖലയെ സംബന്ധിച്ച് അടുത്തകാലത്ത് ജില്ലാ കലക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ 2023-ലെ പൊതുജന ആരോഗ്യ നിയമത്തിലെ 60-ാം വകുപ്പ് എന്നതിനുപകരം മുൻപ് നിലനിന്നിരുന്ന ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടിലെ 122-ാം വകുപ്പാണ് അനുബന്ധമായി നൽകിയതെന്നും, പുതിയ നിയമം പ്രാബല്യത്തിലിരിക്കെ മുൻപുണ്ടായിരുന്ന നിയമം സംബന്ധിച്ച ക്രമീകരണങ്ങൾക്ക് ഇത്തരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനെതിരെ ബഹു. ഗവ.ചീഫ് വിപ്പ് ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി മറുപടി നൽകി. ബഹു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2023-ലെ പൊതുജനാരോഗ്യ നിയമം നിലവിൽ വന്ന ശേഷവും പ്രസ്തുത നിയമത്തിലെ 60-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കേണ്ടതായ വിജ്ഞാപനം മുൻ നിശ്ചയ പ്രകാരം തന്നെ പുറപ്പെടുവിച്ചു വരുന്നുണ്ടായ അപാകമാണ് ബഹു.ചീഫ് വിപ്പ് ഒരു ക്രമപ്രശ്നത്തിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ സംഭവിച്ച കാര്യങ്ങൾ ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വിശദീകരിക്കുകയും ഉണ്ടായി. ബഹു. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കാൻ റൂൾ ചെയ്യുന്നു. സുപ്രധാനമായ ഒരു വിഷയം സഭയുടെ ശ്രദ്ധയിൽപെടുത്തിയ ഗവണ്മെന്റ് ചീഫ് വിപ്പിനെ ചെയർ അനുമോദിക്കുന്നു."

നിയമനിർമ്മാണ കാര്യം :

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ :

വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നീ ബില്ലുകൾ അവതരിപ്പിച്ചു. പ്രസ്തുത ബില്ലുകൾ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും അവതരിപ്പിച്ചു. 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. വി. ജോയി അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. പി. അനിൽ കുമാർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു.)

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :

ശ്രീ. പി. സി. വിഷ്ണുനാഥ് "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. വി. ജോയി

ശ്രീ. എം. വിൻസെന്റ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. എം. വിജിൻ

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ചർച്ചക്ക് മറുപടി നൽകി. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം സഭ തള്ളി.

(ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി)

<u>നിയമനിർമ്മാണ കാര്യം (തുടർച്ച)</u> :

(i) <u>2025-ലെ കേരള വന (ഭേദഗതി) , 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:</u>

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി അവതരിപ്പിച്ചു. ശ്രീ. ടി. എ. മധുസൂദനൻ 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി അവതരിപ്പിച്ചു. 1 എ ഭേദഗതിയെ പിന്തുണച്ച് ശ്രീ. മഞ്ഞളാംകുഴി അലിയും 2 ബി ഭേദഗതിയെ പിന്തുണച്ച് ശ്രീ. സജീവ് ജോസഫും സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 1 എ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും 2 ബി ഭേദഗതി തള്ളുകയും ചെയ്തു. 2025 -ലെ കേരള വനം (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി X- ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(ii) <u>2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

നിയമം,വ്യവസായം,കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചു. പ്രസ്തുത ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ചു. ശ്രീ. എ. പി. അനിൽ കുമാർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി അവതരിപ്പിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 1 എ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും 2 ബി

ഭേദഗതി തള്ളുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2025 സെപ്റ്റംബർ 19- ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 5.10- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fourteenth Session

# BULLETIN—PART I

*(Brief Record of Proceedings)*

Thursday, September 18, 2025

**No. 184**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri P. C. Vishnunadh and five other Members had given notice of an adjournment motion to discuss the matter reported to have arisen as Government is inactive despite the exorbitant price hike of essential commodities in the state, which has allegedly made Kerala the state experiencing the highest inflation in the country. As the Minister for Food and Civil Supplies expressed willingness to discuss the motion, the Speaker announced that the motion would be taken up for consideration at 12.00 noon.

*Calling Attention:*

(1) Shri E. Chandrasekharan called the attention of the Minister for Higher Education and Social Justice to the necessity to enhance the benefits Provided by Aswasakiranam Project for individuals facing Autism, Cerebral Palsy, etc., and to start Training Centers with modern facilities for them at least in Taluk Basis. The Minister made a statement in this regard.

(2) Shri P. Ubaidulla called the attention of the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes to the necessity to undertake enumeration regarding the representation of backward communities and reserved categories of communities in the state in the employment and education sectors. The Minister made a statement in this regard.

*Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. രമേശ് ചെന്നിത്തല | ആറാട്ടുപുഴയിലെ ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ | ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. ഡി.കെ. മുരളി | വാമനപുരം-കറ്റ, ആറാംപള്ളി പമ്പ് ഹൗസുകളിലേക്കുള്ള വോൾട്ടേജ് ക്ഷാമം | വൈദ്യുതി വകുപ്പ് മന്ത്രി |
| 3. | ശ്രീ. നജീബ് കാന്തപുരം | പെരിന്തൽമണ്ണയിലെ ജനവാസ മേഖലകളിലെ പുലിശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കെൽട്രോണിനെതിരെയുള്ള വ്യാജ ആരോപണങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5. | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6. | ശ്രീ. എ. പി. അനിൽകുമാർ | ഷൊർണ്ണൂർ-നിലമ്പൂർ റെയിൽ പാതയിൽ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7. | ശ്രീ. അൻവർ സാദത്ത് | ആലുവയിലെ വിവിധ റോഡുകൾ ബി.എം. &ബി.സി. നിലവാരത്തിൽ പുനർ നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8. | ശ്രീ. തോമസ് കെ. തോമസ് | ക്ഷീരകർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കൽ | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. പി. ചിത്തരഞ്ജൻ | ഹോസ്പിറ്റൽ മാനേജ്മെന്റ് സൊസൈറ്റികളുടെയും കമ്മിറ്റികളുടെയുംകീഴിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ ജോലി സ്ഥിരതയും ആനുകൂല്യങ്ങളും | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10. | ശ്രീമതി സി.കെ. ആശ | വൈക്കം വെള്ളൂരിൽ AIMS സ്ഥാപിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

(i) The Periodical Report from 1st April 2024 to 31st March 2025 and The Action Taken Report on the recommendations in the Fourth Report of the Subject Committee VI on the scrutiny of Demands for Grants for the Financial Year 2024-2025 were presented.

(ii) The Eighty first to Eighty seventh Reports of the Public Accounts Committee were presented.

(iii) The Sixty seventh to Seventy seventh Reports of the Local Fund Accounts Committee were presented.

(iv) Fourteenth Reports of the Committee on Environment was presented.

(v) The Eighteenth Report of the Committee on Private Members' Bills and Resolutions was presented.

*Financial Business:*

Shri K. N. Balagopal, Minister for Finance, laid on the Table the Statement on the Supplementary Demands for Grants in the Budget for the financial year 2025-2026.

*Speaker's Ruling:*

2023-ലെ പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നിട്ടും നിലവിൽ ഉത്സവ മേഖലയെ സംബന്ധിച്ച് അടുത്തകാലത്ത് ജില്ലാ കലക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ 2023-ലെ പൊതുജന ആരോഗ്യ നിയമത്തിലെ 60-ാം വകുപ്പ് എന്നതിനുപകരം മുൻപ് നിലന്നിരുന്ന ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടിലെ 122-ാം വകുപ്പാണ് അനുബന്ധമായി നൽകിയതെന്നും, പുതിയ നിയമം പ്രാബല്യത്തിലിരിക്കെ മുൻപുണ്ടായിരുന്ന നിയമം സംബന്ധിച്ച ക്രമീകരണങ്ങൾക്ക് ഇത്തരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനെതിരെ ബഹു. ഗവ.ചീഫ് വിപ്പ് ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി മറുപടി നൽകി. ബഹു. സ്പീക്കർ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2023-ലെ പൊതുജനാരോഗ്യ നിയമം നിലവിൽ വന്ന ശേഷവും പ്രസ്തുത നിയമത്തിലെ 60-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കേണ്ടതായ വിജ്ഞാപനം മുൻ നിശ്ചയ പ്രകാരം തന്നെ പുറപ്പെടുവിച്ചു വരുന്നുണ്ടായ അപാകമാണ് ബഹു.ചീഫ് വിപ്പ് ഒരു ക്രമ പ്രശ്നത്തിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ സംഭവിച്ച കാര്യങ്ങൾ ബഹു. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി വിശദീകരിക്കുകയും ഉണ്ടായി. ബഹു. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമ പ്രശ്നം തീർപ്പാക്കാൻ റൂൾ ചെയ്യുന്നു. സുപ്രധാനമായ ഒരു വിഷയം സഭയുടെ ശ്രദ്ധയിൽപെടുത്തിയ ഗവൺമെന്റ് ചീഫ് വിപ്പിനെ ചെയർ അനുമോദിക്കുന്നു."

*Legislative Business:*

(1) <u>Introduction and Motion for reference to Subject Committee of the following Bills</u> :

(i) <u>The Kerala Forest (Amendment) Bill, 2025 and The Wild Life Protection (Kerala Amendment) Bill, 2025:</u>

Shri A. K. Saseendran, Minister for Forest and Wildlife, introduced The Kerala Forest (Amendment) Bill, 2025 and The Wildlife Protection (Kerala Amendment) Bill, 2025. and moved the motion that the Bills be referred to the Subject Committee X on Forest, Environment and Tourism. Shri V. Joy moved 1A amendment to circulate The Kerala Forest (Amendment) Bill, 2025 for eliciting public opinion and Shri A. P. Anil kumar, as authorized by Shri A. K. M. Ashraf, moved 2B amendment to refer the bill to a Select Committee and spoke.

(The motion for adjournment of the Assembly was taken up for discussion.)

*Discussion on Adjournment Motion:*

Shri P. C. Vishnunadh moved the motion "The House do now adjourn" and spoke. The following Members took part in the discussion:

Shri V. Joy

Shri M. Vincent

Shri G. S. Jayalal

Shri P. K. Kunhalikutty

Shri Job Maichil

Smt. U. Prathibha

Shri Anoop Jacob

Shri K. Premkumar

Shri Ahammad Devarkovil

Shri M. Vijin

Shri M. Noushad

Shri V. D. Satheesan, Leader of the Opposition.

Minister for Food and Civil Supplies replied to the points raised during discussion. The motion moved was declared lost.

(Protesting against the stand taken by the Government in the matter, the Members belonging to the Opposition staged a walkout.)

*Legislative Business (Continuation):*

(i) Introduction and further stages of The Kerala Forest (Amendment) Bill, 2025 and The Wild Life Protection (Kerala Amendment) Bill, 2025:

Shri Muhammed Muhassin, as authorized by Shri P. S. Supal, moved 1A amendment to circulate The Wild Life Protection (Kerala Amendment) Bill, 2025 for eliciting public opinion. Shri T. I. Madhusoodanan moved 2B amendment to refer The Wild Life Protection (Kerala Amendment) Bill, 2025 to a Select Committee. Shri Manjalamkuzhi Ali spoke backing 1A amendment and Shri Sajeev Joseph spoke backing of 2B amendment. After the Minister's reply, 1A amendment was withdrawn by the leave of the House and 2B amendment was declared lost. The motion to refer The Kerala Forest (Amendment) Bill, 2025 and The Wild Life Protection (Kerala Amendment) Bill, 2025 to the Subject Committee X on Forest, Environment and Tourism was adopted, and the Bills were referred to the Subject Committee X.

(ii) The Kerala Coir Workers' Welfare Fund (Amendment) Bill, 2025:

Shri P. Rajeeve, Minister for Law, Industries and Coir, introduced The Kerala Coir Workers' Welfare Fund (Amendment) Bill, 2025 and moved the motion that the Bill be referred to the Subject Committee IV on Industries and Minerals. Shri K. V. Sumesh moved 1A amendment to circulate The Kerala Coir Workers' Welfare Fund (Amendment) Bill, 2025 for eliciting public opinion. Shri A. P. Anil Kumar moved 2B amendment to refer the bill to Select Committee. After the Minister's reply, 1A amendment was withdrawn by the leave of the House and 2B amendment

was declared lost. Subsequently, the motion to refer the Bill to the Subject Committee IV was adopted, and the Bill was referred to the Subject Committee IV.

The House adjourned at 5.10 p.m. to meet again at 9.00 a.m. on Friday, September 19, 2025.

Dr. N. Krishna Kumar,
*Secretary.*